# മലങ്കര ശ്ലൈഹീക സിംഹാസനത്തിന്റെ മെത്രാപ്പോലീത്താ
# ഡോ. തിയഡോഷ്യസ് മാർത്തോമ്മായിൽ നിന്നും

**സർക്കുലർ നമ്പർ: 165**

*നമ്മുടെ അധികാരത്തിൽപ്പെട്ട സകല പള്ളികളുടെയും വികാരിമാരും, ദേശത്ത് പട്ടക്കാരും, പള്ളികൈക്കാരും, ജനങ്ങളും കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്*

കർത്താവിൽ വാത്സല്യമുള്ളവരെ,

മാർത്തോമ്മാ, സി. എസ്. ഐ., സി. എൻ. ഐ. സഭകൾ ചേർന്ന് എല്ലാ വർഷവും നവംബർ മാസത്തിലെ രണ്ടാം ഞായറാഴ്ച സഭൈക്യ പ്രാർത്ഥനാ ദിനമായി ആചരിച്ചുവരികയാണല്ലോ.

ഈ വർഷം ഈ ഐക്യാഘോഷം നവംബർ 9–ാം തീയതി ഞായറാഴ്ചയാണ്. ‘‘സഭ: ക്രിസ്തുവിൽ ഒരു ശരീരം’’ എന്നതാണ് ഈ വർഷത്തെ ചിന്താവിഷയം. സഭകളുടെ ഐക്യം ദൈവിക താത്പര്യമാണ്. നല്ല ഇടയനായ കർത്താവിന്റെ തൊഴുത്തിൽ എണ്ണപ്പെടുന്നതാണ് സഭാ മക്കളുടെ നന്മ. ഒരു ആട്ടിൻകൂട്ടവും ഒരു ഇടയനും എന്നുള്ള ദൈവിക സ്വപ്നം സഭാ ഐക്യത്തിലൂടെ സാദ്ധ്യമാകുവാൻ കഴിയേണ്ടതുണ്ട്. വ്യത്യസ്തതകളെ ആദരിക്കാനും അംഗീകരിക്കാൻ കഴിയാത്തതിനെ ബഹുമാനിക്കാനും ഉള്ള ദൈവകൃപ ലഭിപ്പാനായി നമുക്ക് പ്രാർത്ഥിക്കാം.

മാർത്തോമ്മാ, സി. എസ്. ഐ., സി. എൻ. ഐ. സഭകൾ ചേർന്നുള്ള സഭൈക്യ പ്രസ്ഥാനമായ കമ്മ്യൂണിയൻ ഓഫ് ചർച്ചസ് ഇൻ ഇന്ത്യ (സി. സി. ഐ.) യുടെ പ്രവർത്തനം അനുഗ്രഹകരമായി മുമ്പോട്ടു പോകുന്നു. വ്യത്യസ്ത ചരിത്രവും പാരമ്പര്യവും, അനുഷ്ഠാനങ്ങളും ഉള്ള സഭകൾ ഐക്യത്തിന്റെ ആത്മാവിൽ സമൂഹത്തിൽ സാക്ഷ്യം നിർവ്വഹിക്കുവാൻ വിളിക്കപ്പെട്ടിരിക്കുന്നു. അതിനാൽ സഭയിലും സമൂഹത്തിലും ഐക്യപ്രവർത്തങ്ങൾ സജീവമാക്കണം. സഭകൾ തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്തുന്നതിനും പ്രാദേശിക തലങ്ങളിൽ ക്രിസ്തുവിലുള്ള ഐക്യം സാക്ഷ്യപ്പെടുത്തുന്നതിനും ദൗത്യ നിർവ്വഹണത്തിൽ സഹകരിച്ച് പ്രവർത്തിക്കുന്നതിനും സഹായകരമായ പരിപാടികൾ ആവിഷ്കരിക്കണം. നമ്മുടെ എല്ലാ ഇടവകകളിലും സഭാ ഐക്യത്തിന് പ്രാധാന്യം നൽകിക്കൊണ്ടുള്ള വചനശുശ്രൂഷ നടത്തുകയും മാർത്തോമ്മാ, സി. എസ്. ഐ., സി. എൻ. ഐ. ഇടവകാംഗങ്ങളുടെ ഒരുമിച്ചുള്ള ആരാധന, വിശുദ്ധകുർബ്ബാന, പട്ടക്കാരുടെ പുൾപിറ്റ് എക്സ്ചേഞ്ച്, ഐക്യപ്രാർത്ഥന യോഗങ്ങൾ തുടങ്ങിയവ ക്രമീകരിക്കുന്നത് എക്യൂമെനിക്കൽ സാക്ഷ്യനിർവഹണത്തിന് പ്രോത്സാഹനമാകും.

കമ്മ്യൂണിയൻ ഓഫ് ചർച്ചസ് ഇൻ ഇന്ത്യയുടെ പ്രവർത്തനങ്ങൾ ഫലപ്രദവും ചലനാത്മകവുമാക്കുന്നതിനും സമകാലിക വെല്ലുവിളികളോട് ക്രിയാത്മകമായി പ്രതികരിക്കുന്നതിനും ഇടയാകട്ടെ. അതിനായി നിർവ്വഹിക്കപ്പെടുന്ന പ്രേഷിതപ്രവർത്തനങ്ങൾ ദൈവനാമ മഹത്വത്തിനായിത്തീരുവാൻ പരിശുദ്ധാത്മാവിന്റെ നടത്തിപ്പും ശക്തിയും ധാരാളമായി അനുഭവമാകുന്നതിനായി നമുക്ക് പ്രാർത്ഥിക്കാം

കൃപ നിങ്ങളോട് ഏവരോടും കൂടെ ഇരിക്കുമാറാകട്ടെ,

2025 ഒക്ടോബർ മാസം 22 –ാം തീയതി തിരുവല്ലാ പുലാത്തീനിൽ നിന്നും

**ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ**

# കമ്യൂണിയൻ ഓഫ് ചർച്ചസ് ഇൻ ഇന്ത്യ (CCI)
## സി.എസ്.ഐ., സി.എൻ.ഐ., മാർത്തോമ്മാ ഐക്യ ഞായർ (നവംബർ 9, 2025)

### ആരാധന ക്രമം

### (മാർത്തോമ്മാ മെത്രാപ്പോലീത്തായുടെ അംഗീകാരത്തോടു കൂടിയത്)

### ആരാധനാഹ്വാനം

പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ദൈവം ഒന്നായിരിക്കുന്നതുപോലെ നമ്മൾ ഒരേ അപ്പത്തിന്റെ പങ്കുകാരും, ഒരേ പാനപാത്രത്തിന്റെ അംശികളും ആകുന്നു. തിരുസഭയിലൂടെയും, ക്രിസ്തുവിനാലും നാം ഒരേ ആത്മാവിന്റെ മക്കളാകുന്നു. വരിക, ഈ ആരാധനയിലൂടെ ഐക്യത്തിന്റെ ആത്മീയതയിലേക്ക്, ദൈവീക സംസർഗ്ഗത്തിന്റെ പൂർണ്ണതയിലേക്ക്, വേർതിരിവുകളും ഭിന്നതകളും അതിജീവിച്ച് നമുക്ക് ദൈവകൃപയുടെ പങ്കുകാരാകാം.

**ഗാനം**
**കൗമാ**
**പ്രാരംഭപ്രാർത്ഥന**

സർവ്വത്തിന്റെയും പൊരുളും, പൂർണ്ണതയും, എല്ലാറ്റിന്റെയും സാരവും, സാദ്ധ്യതയുമായ സ്രഷ്ടാവായ ദൈവമേ, നിന്റെ സൃഷ്ടിപ്രക്രിയയുടെ പൂർണ്ണതയിൽ ഞങ്ങൾ ആനന്ദിക്കുകയും, അതിന്റെ മികവിനു മുമ്പിൽ തലകുനിക്കുകയും ചെയ്യുന്നു. നീ എല്ലാറ്റിന്റെയും ഉടയവനാകുന്നു. നിന്റെ ദിവ്യവിചാരണയ്ക്കു മുമ്പിൽ ഞങ്ങൾ ഏതുമില്ല എന്ന് ഏറ്റു പറയുന്നു.

പാപം മൂലം പ്രപഞ്ചത്തിന്റ നഷ്ടപ്പെട്ട ചൈതന്യം പുന:സ്ഥാപിക്കാൻ, ദൈവവുമായുള്ള സമത്വം മുറുകെപ്പിടിക്കാതെ, ദാസ്യരൂപത്തിന്റെ മഹത്വം ഉൾക്കൊണ്ട്, കുരിശിലെ ബലിയാൽ ഞങ്ങളെ വീണ്ടെടുത്ത നിന്റെ കാരുണ്യത്തിനുമുമ്പിൽ ഞങ്ങളുടെ ഹൃദയങ്ങൾ തുറക്കുന്നു. കാരുണ്യവാനായ ദൈവമേ, ക്രൂശിലെ മരണത്താൽ എല്ലാ വിഭജനങ്ങൾക്കും നീ അറുതിവരുത്തുകയും, വേർപാടിന്റെ നടുച്ചുവരുകളെ ഇടിച്ചുകളയുകയും ചെയ്തതിനാൽ ഞങ്ങളിലെ എല്ലാ വേർതിരിവുകൾക്കും, വിഭാഗീയ ചിന്തകൾക്കും അറുതിവരുത്തേണമേ.

ത്രീയേകദൈവമേ, പിതാവും പുത്രനും പരിശുദ്ധറൂഹായും ഒന്നായിരിക്കുന്നതുപോലെ തിരുസഭയുടെ ഐക്യത്തെയും അവിടുന്ന് ഉറപ്പിക്കേണമേ. ഞങ്ങളെ എല്ലാവരെയും പരിശുദ്ധാത്മപൂർണ്ണരാക്കേണമെന്നും ഞങ്ങൾ തിരുനാമത്തിന്റെ പുകഴ്ചയ്ക്കും മഹത്വത്തിനും ഉതകുന്ന ജീവിതം നയിപ്പാൻ കൃപ നല്കേണമെന്നും പ്രാർത്ഥിക്കുന്നു. ആമേൻ.

**അനുതാപപ്രാർത്ഥന**

(‘ഞങ്ങളോട് ക്ഷമിക്കേണമേ’ എന്ന് പ്രതിവാക്യമായി പറയണം.)

ലീഡർ: ഈ പ്രപഞ്ചത്തിൽ ജീവിക്കുവാൻ എല്ലാ ജീവജാലങ്ങൾക്കും അവകാശമുണ്ടായിരിക്കെ, ഞങ്ങളുടെ സുഖത്തിനും നേട്ടത്തിനുമായി അവയെ ചൂഷണം ചെയ്തതും, ജീവിക്കാനുള്ള അവയുടെ അവകാശത്തെ നിഷേധിച്ചതും, പ്രകൃതി വിഭവങ്ങളെ സ്വന്തമാക്കി വയ്ക്കാൻ ശ്രമിച്ചതും തന്മൂലം ദൈവത്തിന്റെ ആലോചനയ്ക്കും, ആഗ്രഹത്തിനും ഭംഗംവരുത്തിയതും ദൈവമേ.......

പ്രതി: ഞങ്ങളോട് ക്ഷമിക്കേണമേ

ലീഡർ: ക്രിസ്തുവിന്റെ ശരീരമായ തിരുസഭയിൽ ഞങ്ങൾ അംഗങ്ങളെങ്കിലും, വിഭാഗീയ ചിന്തകളാലും വിദ്വേഷ മനോഭാവത്താലും, വൈരാഗ്യബുദ്ധിയാലും തിരുശരീരത്തെ മുറിവേല്പിച്ചതും തിരുസഭയിലെ ദൈവനിയോഗത്തെ ഞങ്ങൾ മറക്കുകയും ചെയ്തത് ദൈവമേ.......

പ്രതി: ഞങ്ങളോട് ക്ഷമിക്കേണമേ

ലീഡർ ദൈവരാജ്യത്തിന്റെ നീതിയും, ധർമ്മവും, ഈ ലോകത്തിലേക്ക് പകർത്തുവാൻ ഞങ്ങൾക്ക് ഉത്തരവാദിത്വമുണ്ടായിരിക്കെ, ഞങ്ങളുടെ ജീവിത ഇടങ്ങളിൽ നീതിയും ധർമ്മവും മറന്ന് ദൈവത്തെ ദുഖിപ്പിച്ചതും, അതുവഴി മനുഷ്യസമൂഹത്തിന്റെ നൊമ്പരത്തെ അവഗണിച്ചതും ദൈവമേ.......

പ്രതി: ഞങ്ങളോട് ക്ഷമിക്കേണമേ

**സ്തോത്രപ്രാർത്ഥന**

(പ്രതിവാക്യം: ഞങ്ങൾ നിനക്ക് സ്തോത്രം ചെയ്യുന്നു.)

ലീഡർ: സഭ എന്ന ശരീരത്തിന്റെ തലയാകുന്ന ക്രിസ്തുവിന്റെ നാമത്തിലും, ക്രിസ്തുവിലും ഞങ്ങൾ ഒന്നായിത്തീരുന്ന ഐക്യത്തിന്റെ അനുഭവങ്ങളെ നല്കിയതിനാൽ ദൈവമേ ........

പ്രതി: ഞങ്ങൾ നിനക്ക് സ്തോത്രം ചെയ്യുന്നു.

ലീഡർ: വിശുദ്ധ സ്നാപനത്തിലൂടെയും, വിശുദ്ധ കുർബ്ബാനയാകുന്ന രഹസ്യത്തിലൂടെയും, ക്രിസ്തുവിലുള്ള ഐക്യത്തിന്റെ പങ്കുകാരാകുവാൻ സഭകളെ ഒരുക്കുന്നതിനായി ദൈവമേ ......

പ്രതി: ഞങ്ങൾ നിനക്ക് സ്തോത്രം ചെയ്യുന്നു.

ലീഡർ: ദൈവരാജ്യ ശുശ്രൂഷകൾക്കായി സഭകൾക്ക് വ്യത്യസ്തതയും, വൈവിധ്യങ്ങളിൽക്കൂടി ദർശനങ്ങളുടെ ചാരുതയും പകർന്നതിനായി ദൈവമേ ......

പ്രതി: ഞങ്ങൾ നിനക്ക് സ്തോത്രം ചെയ്യുന്നു.

ലീഡർ: സുവിശേഷീകരണത്തിനും, സാക്ഷ്യത്തിന്റെ ആവിഷ്ക്കാരങ്ങൾക്കുമായി ദേശീയ, പ്രാദേശിക തലങ്ങളിൽ സഭകൾക്ക് ഐക്യത്തിന്റെ കൂട്ടായ്മകളും, വേദികളും ഒരുക്കുന്നതിനായി ദൈവമേ .....

പ്രതി: ഞങ്ങൾ നിനക്ക് സ്തോത്രം ചെയ്യുന്നു.

ലീഡർ: ഭാരതത്തിലെ ക്രൈസ്തവസഭകൾക്കായും പ്രത്യേകിച്ച് സി.എസ്.ഐ., സി.എൻ.ഐ., മാർത്തോമ്മാ സഭകൾക്കായും അവയുടെ പാരമ്പര്യം, സുവിശേഷദർശനം, ദൗത്യ സംരംഭങ്ങൾ എന്നിവകൾക്കായും ദൈവമേ ......

പ്രതി: ഞങ്ങൾ നിനക്ക് സ്തോത്രം ചെയ്യുന്നു.

ലീഡർ: സഭാ ഐക്യത്തിന്റെ ആവിഷ്ക്കാരമായി, ഭാരതത്തിൽ ദൈവരാജ്യ ദർശനങ്ങൾക്ക് ഊർജ്ജം പകരുന്ന കമ്മ്യൂണിയൻ ഓഫ് ചർച്ചസ് ഇൻ ഇന്ത്യ എന്ന കൂട്ടായ്മയ്ക്കായും സി.സി.ഐ ജൂബിലി കാലയളവിൽ നടക്കുന്ന എല്ലാ പ്രവർത്തനങ്ങൾക്കായും ദൈവമേ ......

പ്രതി: ഞങ്ങൾ നിനക്ക് സ്തോത്രം ചെയ്യുന്നു.

**മദ്ധ്യസ്ഥ പ്രാർത്ഥന**

(പ്രതിവാക്യം : 'ഞങ്ങൾ നിന്നോടപേക്ഷിക്കുന്നു')

1. അക്രമവും, അനീതിയും, അഴിമതിയും നിറഞ്ഞ സാമൂഹികരാഷ്ട്രീയ സാഹചര്യങ്ങളെ ഞങ്ങൾ ഓർക്കുന്നു. പ്രത്യേകിച്ച് സംഘർഷങ്ങൾ നിലനിൽക്കുന്ന പ്രദേശങ്ങൾക്കായും, അവിടുത്തെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ സാഹചര്യങ്ങൾക്കായും ദൈവമേ .....

പ്രതി: ഞങ്ങൾ നിന്നോടപേക്ഷിക്കുന്നു.

2. യുദ്ധഭീഷണി നേരിടുന്ന രാഷ്ട്രങ്ങൾക്കും സ്ഥലങ്ങൾക്കുമായും അവിടുത്തെ സമാധാനത്തിനായും പട്ടിണി, പ്രകൃതിക്ഷോഭം സാമ്പത്തിക അരക്ഷിതാവസ്ഥ എന്നിവകൊണ്ട് ജീവിതം വഴിമുട്ടി നില്ക്കുന്ന ജനവിഭാഗങ്ങൾക്കായും ദൈവമേ......

പ്രതി: ഞങ്ങൾ നിന്നോടപേക്ഷിക്കുന്നു.

3. ഭൂമി നഷ്ടപ്പെട്ട ജനവിഭാഗങ്ങൾ, അനാഥർ, കടക്കെണിയിൽ പെട്ടുപോയവർ, കുടിയൊഴിപ്പിക്കപ്പെട്ടവർ, ജപ്തിമൂലം കിടപ്പാടം നഷ്ടപ്പെട്ടവർ എന്നിവർക്കായി ദൈവമേ.....

പ്രതി: ഞങ്ങൾ നിന്നോടപേക്ഷിക്കുന്നു.

4. സി.എസ്.ഐ., സി.എൻ.ഐ., മാർത്തോമ്മാ സഭകളുടെ ഐക്യസംരംഭമായ സി.സി.ഐയുടെ എല്ലാപ്രവർത്തനങ്ങളേയും ഞങ്ങൾ ഓർക്കുന്നു. നേതൃത്വം നല്കുന്ന പ്രിസൈഡിംഗ് ബിഷപ്പ് അഭി. ഡോ. തിയൊഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്ത, പ്രിസീഡിയത്തിലെ അംഗങ്ങളായ സി.എസ്.ഐ. മോഡറേറ്റർ അഭി. ഡോ. രൂബേൻ മാർക്ക്, സി.എൻ.ഐ മോഡറേറ്റർ അഭി. ഡോ. പരിതോഷ് കാനിംഗ് എന്നിവർക്കായും, എക്സിക്യൂട്ടീവ് സെക്രട്ടറി, ട്രഷറർ, കമ്മറ്റി അംഗങ്ങൾ, അംഗസഭകളുടെ ചുമതലക്കാർ എന്നിവർക്കായും അവരിലൂടെ നിർവ്വഹിക്കപ്പെടുന്ന എല്ലാ ശുശ്രൂഷകൾക്കായും ദൈവമേ.....

പ്രതി: ഞങ്ങൾ നിന്നോടപേക്ഷിക്കുന്നു.

**സമർപ്പണപ്രാർത്ഥന**

ഐക്യത്തിന്റെയും അനുരഞ്ജനത്തിന്റെയും ദൈവമേ, ത്രീയേക ദൈവം ഒന്നായിരിക്കും പോലെ ഞങ്ങളെ നിന്റെ ഐക്യത്താൻ പരിപൂർണ്ണതപ്പെടുത്തേണമേ. ഞങ്ങളെ നിന്റെ നിയോഗങ്ങൾക്കും, ഹിതത്തിനുമായി സമർപ്പിക്കുന്നു. ഞങ്ങളിലെന്നും നിന്റെ ആലോചനയും, താല്പര്യവും വ്യാപരിപ്പിക്കേണമേ. തിരുഹിതമല്ലാതെ മറ്റൊരു ഹിതവും ഞങ്ങളെ ഭരിക്കരുതേ. യേശുവിൻമൂലം ഞങ്ങളപേക്ഷിക്കുന്നു. ആമേൻ.